മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733512

2023 ജനുവരി 21

# വാർത്താക്കുറിപ്പ്

---

## പരീക്ഷ മാറ്റി

നാളെ(ജനുവരി 23) ന് തുടങ്ങാനിരുന്ന മൂന്നാം സെമസ്റ്റർ എം.എ.എച്ച്.ആർ.എം, എം.എച്ച്.ആർ.എം (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2019,2018 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ മാറ്റി വച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/ 92/2023)

## പുന:പരീക്ഷ ഫെബ്രുവരി രണ്ടിന്

നാലാം സെമസ്റ്റർ എം.ബി.എ (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) കോഴ്സിന്റെ ഡിസംബർ രണ്ടിലെ റദ്ദാക്കിയ ഇന്റർനാഷണൽ കൺസ്യൂമർ ആന്റ് ഇൻഡസ്ട്രിയൽ ബയർ ബിഹേവിയർ എന്ന പേപ്പറിന്റെ പരീക്ഷ ഫെബ്രുവരി രണ്ടിന് ഉച്ച കഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടത്തും. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/ 93/2023)

## പരീക്ഷാ തീയതി

ബി.ടെക് (2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി - സീപാസ്) കോഴ്സുകളുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി ഒന്നിനും നാലാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി മൂന്നിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 94/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി, എം.എ (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പ്രോഗ്രാമുകളുടെ പരീക്ഷകൾക്ക് ഫെബ്രുവരി ഏഴ് മുതൽ 14 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ഫെബ്രുവരി 15 നും സൂപ്പർഫൈനോടു കൂടി ഫെബ്രുവരി പതിനാറിനും അപേക്ഷ സ്വീകരിക്കും.
അപേക്ഷിക്കേണ്ട രീതി, ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

..................................

അഞ്ചാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഫെബ്രുവരി 15 ന് ആരംഭിക്കും.
പിഴയില്ലാതെ ജനുവരി 31 വരെയും പിഴയോടു കൂടി ഫെബ്രുവരി ഒന്നിനും സൂപ്പർഫൈനോടെ ഫെബ്രുവരി രണ്ടിനും അപേക്ഷ നൽകാം.

.............................

ഒന്നാം സെമസ്റ്റർ M.Lib.I.Sc. (2022 അഡ്മിഷൻ റഗുലർ, 2021,2020 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ മെഴ്സി ചാൻസ്), M.L.I.Sc. (2018 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി ഒന്ന് വരെ അപേക്ഷ നൽകാം.
പിഴയോടു കൂടി ഫെബ്രുവരി രണ്ടിനും സൂപ്പർഫൈനോടെ ഫെബ്രുവരി മൂന്നിനും അപേക്ഷ സ്വീകരിക്കും.
മെഴ്സി ചാൻസിനുള്ള ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 95/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം (2014,2015,2016 അഡ്മിഷനുകൾ റീ-അപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ് - മെയ് 2022) പരീക്ഷയുടെ പ്രായോഗിക പരീക്ഷയായ ഇൻഫർമേഷൻ ടെക്നോളജി ഫോർ ഓഫീസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഫോർ ബിസിനസ് അതത് കേന്ദ്രങ്ങളിൽ ജനുവരി 24 ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................................

മൂന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിങ് ടെക്നോളജി (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ (എ.ഒ.സി.) പരീക്ഷകൾ ജനുവരി 30 മുതൽ പാലാ, സെന്റ് തോമസ് കോളജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 96/2023)

## പരീക്ഷാ ഫലം

2022 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ് (ദ്വിവത്സരം - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

.............................

നാലാം സെമസ്റ്റർ എം.എ കഥകളി വേഷം, മോഹിനിയാട്ടം, ഭരതനാട്യം, മൃദംഗം, മ്യൂസിക് വയലിൻ, മ്യൂസിക് വീണ, മ്യൂസിക് വോക്കൽ, കഥകളി സംഗീതം (റഗുലർ - ആഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ആറു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.............................

2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (സി.എസ്.എസ് - റഗുലർ,സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ആറു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 97/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**